Mathrubhoomi 29/12/22

# കേന്ദ്രം കാർഷികപ്രതിസന്ധി രൂക്ഷമാക്കുന്നു-ദേവീന്ദർ ശർമ്മ



കാർഷിക ഊർജപരിവർത്തന കൺസൾട്ടേഷനിൽ ഭക്ഷ്യവിദഗ്ധൻ ദേവീന്ദർ ശർമ്മ സംസാരിക്കുന്നു

**തിരുവനന്തപുരം** ▸ രാജ്യത്തെ കാർഷികപ്രതിസന്ധി രൂക്ഷമാക്കുന്നതാണ് കേന്ദ്രസർക്കാർ നടപടികളെന്ന് ഭക്ഷ്യവിദഗ്ധൻ ദേവീന്ദർ ശർമ്മ വിമർശിച്ചു. 'കേരളത്തിന്റെ കാർഷിക മേഖലയിലെ ഊർജപരിവർത്തനം' എന്ന വിഷയത്തിൽ അസർ സോഷ്യൽ ഇംപാക്ട് അഡ്വൈസേഴ്സും എനർജി മാനേജ്മെന്റ് സെന്ററും (ഇ.എം.സി.) സംയുക്തമായി സംഘടിപ്പിച്ച ദ്വിദിന കൺസൾട്ടേഷനിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

ഭക്ഷിക്കാനുള്ള അരി എഥനോൾ നിർമിക്കാൻ ഉപയോഗിക്കുകയാണ് കേന്ദ്രം. ബദൽ ഇന്ധനമാണെന്നതാണ് അതിനുള്ള ന്യായീകരണം. ഊർജപരിവർത്തനം, കാലാവസ്ഥാവ്യതിയാനം ചെറുക്കൽ എന്നിവയെക്കുറിച്ചു നാം ചർച്ച ചെയ്യുമ്പോൾ എതിർദിശയിൽ സഞ്ചരിക്കുകയാണ് രാജ്യം. പഞ്ചാബിൽ അഞ്ചുലക്ഷം ട്രാക്ടറുകളുണ്ട്. യഥാർഥത്തിൽ ഒരുലക്ഷത്തിൽ താഴെയേ ആവശ്യമുള്ളൂ. രാജ്യത്താകെ ഈയൊരു സ്ഥിതിവിശേഷമുണ്ട്. അതിനാവട്ടെ, കൂടുതൽ ഫോസിൽ ഇന്ധനം ഉപയോഗിക്കേണ്ടിവരുന്നു. കർഷകരുടെ സംഖ്യ കുറച്ച് സാങ്കേതികവിദ്യയിലൂടെ പകരംവയ്ക്കാനാണ് സർക്കാർ ശ്രമം. ഇതു വലിയ സാമൂഹിക-പരിസ്ഥിതി പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നും ദേവീന്ദർ ശർമ്മ പറഞ്ഞു.

കാർഷികാവശ്യങ്ങൾക്ക് പരമ്പരാഗത ഊർജം ഉപയോഗിക്കുന്നതു കുറയ്ക്കാൻ പ്രത്യേക കർമപദ്ധതി തയ്യാറാക്കിവരുന്നതായി പരിപാടി ഉദ്ഘാടനം ചെയ്ത കൃഷിമന്ത്രി പി.പ്രസാദ് പറഞ്ഞു. നിലമൊരുക്കൽ, വിത്തുകൾ സംരക്ഷിക്കൽ, ജലസേചനം, വിളവെടുപ്പ് എന്നിവയിൽ പരമ്പരാഗത ഊർജം ഉപയോഗിക്കുന്ന രീതി കുറയ്ക്കാനാണ് ഈ പദ്ധതി. ദേശീയ സുസ്ഥിര കാർഷികകേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രാമഞ്ജനേയലു, തമിഴ്നാട് ആസൂത്രണ കമ്മിഷൻ അംഗം സുൽത്താൻ ഇസ്മയിൽ, സോളാർ എനർജി കോർപ്പറേഷൻ ജനറൽ മാനേജർ ഭരത് കുമാർ റെഡ്ഡി, ഇ.എം.സി. ഡയറക്ടർ ആർ.ഹരികുമാർ, അസർ സി.ഇ.ഒ. വിനുത ഗോപാൽ എന്നിവരും സംസാരിച്ചു. സമാപനത്തിൽ വൈദ്യുതിമന്ത്രി കെ.കൃഷ്ണൻകുട്ടി പങ്കെടുക്കും.